ഉത്തരം

(എ, ബി) സർക്കാർ തലത്തിൽ കമ്പനികൾ രൂപീകരിച്ചിട്ടില്ല.

(സി) ആഗോള നിക്ഷേപക സമ്മേളനത്തിനുശേഷം ഇപ്രകാരം കുറവുണ്ടായിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ വാഗ്ദാനം ചെയ്യപ്പെട്ട പദ്ധതികൾ

11 [1150] ശ്രീ. കെ. എൻ. എ. ഖാദർ:
,, സി. ടി. അഹമ്മദ് അലി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ വാഗ്ദാനം ചെയ്യപ്പെട്ട ഏതെല്ലാം പദ്ധതികൾ പ്രാവർത്തികമാകുമെന്ന് ഇതിനകം ഉറപ്പായിട്ടുണ്ട്;

(ബി) ബാക്കിയുള്ളവ നടപ്പിലാക്കി കിട്ടുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്;

(സി) രാഷ്ട്രീയ പ്രശ്നങ്ങൾ പ്രസ്തുത തടസ്സങ്ങളിൽ ഉൾപ്പെടുമോ?

ഉത്തരം

(എ) ജിം-ൽ വന്ന പദ്ധതികളിൽ ഇതിനകം 121.25 കോടി രൂപയുടെ പതിനൊന്നു പദ്ധതികൾ പൂർത്തിയായിട്ടുണ്ട്. മറ്റു പദ്ധതികൾ പ്രാരംഭദശയിലാണ്.

(ബി) പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ തരത്തിലുള്ള പരിശോധനകളും നടപടിക്രമങ്ങളും പുരോഗമിക്കുന്നു.

(സി) ബി വിഭാഗത്തിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## ജിമ്മിൽ ഒപ്പിട്ട ധാരണാ പത്രങ്ങളിൽ ഉപേക്ഷിക്കേണ്ടിവന്ന പദ്ധതികൾ

12 [1151] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷം കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിലെ നിക്ഷേപ വാഗ്ദാനപ്രകാരം കഴിഞ്ഞ ഒരുവർഷത്തിനകം എത്ര പദ്ധതികൾ നടപ്പിലായെന്നും അവ എത്ര കോടി രൂപയുടേതായിരുന്നു എന്നും സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും പദ്ധതികൾ ഏതെല്ലാം ആയിരുന്നുവെന്നും തരംതിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly